മടവുപ്പുറ ചിറ

*ഫ ൦ ർ ൪. (൮൩) ശ്രീ. എൻ. കെ. കൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെയ്യാറിൻകര താലൂക്കിൽ പള്ളിച്ചൽ പകുതിയിൽ മടവുപ്പുറ ചിറ നന്നാക്കാൻ സാങ്ഷൻ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ;

(സി) ആ ജോലിക്ക കാൺട്രാക്ട് കൊടുത്തിട്ടുണ്ടോ;

(ഡി) കൊടുത്തിട്ടുണ്ടെങ്കിൽ ആ ജോലി പൂത്തിയായിട്ടുണ്ടോ;

(ഇ) അതിലേക്ക അനുവദിച്ച തുക എത്ര;

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ചിറ നന്നാക്കാൻ വേണ്ട എസ്റ്റിമേറ്റ അനുവദിച്ചിട്ടുണ്ട്.

(ബി) ഫൻ ൮ ൦-ൽ (ഫ ഫ ഫ൯-ൽ)

(സി) കാണ്ട്രാക്ട് കൊടുത്തിരുന്നു.

(ഡി) ജോലി പൂത്തിയായിട്ടുണ്ട്.

(ഇ) ഫ ൫ ൮ ൦ രൂപ.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള : ജോലി എന്നാണ് പൂത്തിയായത് എന്നു പറയാമോ;

ശ്രീ. ടി. കെ. നാരായണപിള്ള : പൂത്തിയാക്കിയിട്ടുണ്ട്. എന്നാണ് പൂത്തിയാക്കിയതെന്ന് നിശ്ചയമില്ല.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള : ഈ ചോദ്യം കിട്ടിയതിനുശേഷം ആ ജോലി പൂത്തിയായിട്ടുണ്ടോ എന്നന്വേഷിച്ചോ?

ശ്രീ. ടി. കെ. നാരായണപിള്ള : ജോലി പൂത്തിയായിട്ടുണ്ടെന്നു് ഓവർസീയറിന്റെ റിപ്പോർട്ട കിട്ടിയിട്ടുണ്ട്. എന്നാണ് പൂത്തിയായതെന്നു് ഇപ്പോൾ നിശ്ചയമില്ല.

മണ്ണാഞ്ചിറക്കളം

*ഫ ൦ ൮൭. (൮൮) ശ്രീ. എൻ. കെ. കൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെയ്യാറിൻകര താലൂക്കിൽ അതിയന്നൂർ പകുതിയിൽ മണ്ണാഞ്ചിറക്കളം നന്നാക്കുന്നതിനു അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ;

(സി) അതിലേക്ക കൈവശക്കാരെ വിട്ട ശ്രമിപ്പിച്ച് ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിനെ ഏല്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എപ്പോൾ;

(ഇ) ടി കളം നന്നാക്കുന്ന ജോലി ആരംഭിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) ഫെ—വ്—ഫൻ ൫ ൦ൽ

(സി) ഉണ്ട്.

(ഡി) ഫൻ ൫ ൦ .

LIBRARY ARCHIVES Kerala Legislative Assembly

(ഈ) ഇല്ല.

(എഫ്) ഈ ജോലിക്കുവേണ്ട തുക അലോട്ട ചെയ്തിട്ടില്ലാത്തതുകൊണ്ടും കൺട്രാക്ട് തീരുമാനിച്ചിട്ടില്ലാത്തതുകൊണ്ടുമാണ്.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: കഴിയുന്നതും വേഗത്തിൽ ജോലി ആരംഭിക്കുന്നതിനുവേണ്ട എന്തെങ്കിലും ചെയ്യുമോ;

ശ്രീ. ടി. കെ. നാരായണപിള്ള: തുക അലോട്ടുചെയ്താൽ ഉടൻതന്നെ ജോലി തുടങ്ങുന്നതാണ്.

ശ്രീ. എൻ. പി. വർഗ്ഗീസ്: ജനകീയഗവണ്മെന്റ് വന്നതിനു ശേഷം നെയ്യാറ്റിൻകര താലൂക്കിൽ എത്ര കളങ്ങൾ വെട്ടിയിട്ടുണ്ടെന്നു പറയാമോ;

ശ്രീ. ടി. കെ. നാരായണപിള്ള: ജനകീയഗവണ്മെന്റ് വന്നതിനുശേഷം അവിടെ കളംവെട്ടുന്നതിനും മറ്റുമായി അനേകലക്ഷം രൂപ ചിലവുചെയ്തിട്ടുണ്ട്.

ROAD IN PANAMBUKAD—COCHIN

1047. [45] Sri. M. I. Paul: Will the Hon'ble Minister for Public Works be pleased to stats.—

(*a*) whether Government realise the necessity for a public road from North to South in Panambukad and Vallarpadum;

(*b*) if so, what action has been taken so;

(*c*) whether there were several representations in this connection; and

(*d*) if so, any reply or any action has been taken on that?

Chief Minister **Sri. T. K. Narayana Pillai:**

(*a*) Yes.

(*b*) Inquiries are being made whether the required lands will be surrendered free of cost by the owners.

(*c*) There has been a representation from the local Panchayat.

(*d*) The work was placed before the Taluk Works Committe, who have asked for details regarding the free surrender of land. Further action will be taken after ascertaining the opinion of the Taluk Committee.

ശ്രീ. എം. ഐ. പോൾ: ഇങ്ങിനെയുള്ള സ്ഥലങ്ങളിൽ സൌജന്യമായി വസ്തു ഉടമസ്ഥന്മാർ സ്ഥലം വിട്ടുതന്നാൽ മാത്രമെ റോഡുണ്ടാക്കുകയുള്ളു എന്നാണോ ഗവണ്മെണ്ടു് വെച്ചിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: വസ്തു ഉടമസ്ഥന്മാർ സൌജന്യമായി സ്ഥലം വിട്ടുതരാൻ തയ്യാറുള്ളപക്ഷം റോഡുപണി പെട്ടെന്നുതന്നെ ഏറ്റെടുക്കുവാൻ ഗവണ്മെണ്ടിനു കൂടുതൽ സൌകര്യമുണ്ടായിരിക്കും.

ശ്രീ. എം. ഐ. പോൾ: മറ്റുള്ളസ്ഥലങ്ങളിലെല്ലാം വസ്തു ഉടമസ്ഥന്മാർ ഭൂമി സൌജന്യമായി വിട്ടുതന്നിട്ടാണോ റോഡുകൾ ഉണ്ടാക്കിയിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: പല താലൂക്കുകളിലും റോഡിന്റെ ആവശ്യത്തിനായി ഭൂമി സൌജന്യമായി വിട്ടുതന്നിട്ടുണ്ട്.

ശ്രീ. എം. ഐ. പോൾ: കൊച്ചിരാജ്യത്തു റോഡുണ്ടാക്കുന്നതു് വസ്തു ഉടമസ്ഥന്മാർ ഭൂമി സൌജന്യമായി വിട്ടുകൊടുത്തിട്ടില്ലെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ കൊച്ചിരാജ്യത്തെ കാര്യമല്ല പറയുന്നതു്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ കാര്യമാണ് പറയുന്നതു്.

ശ്രീ. എം. ഐ. പോൾ: ഇതു കൊച്ചിരാജ്യത്തെ കാര്യമല്ലെ?

LIBRARY ARCHIVES Kerala Legislative Assembly